# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 25      26.02.2018 ൽ മറുപടിക്ക്

### ക്രമസമാധാനപാലനത്തിന് ആധുനിക സാങ്കേതിക വിദ്യ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.പി.കെ.ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനം നിലനിർത്തുന്നതിനും, കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്ത് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 21/10/2017 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. നിലവിലുള്ള പല നിയമങ്ങളും നടപ്പിലാക്കുന്നതിനുള്ള ചുമതല സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിക്ഷിപ്തമാണ്. താരതമ്യേന പരിചയ കുറവുള്ള സബ് ഇൻസ്പെക്ടറുടെ സ്ഥാനത്ത് ഉയർന്ന റാങ്കിലുള്ള പരിണിതപ്രജ്ഞരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിലൂടെ കൂടുതൽ കാര്യക്ഷമമായി ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്.

ക്രമസമാധാനനില ഭദ്രമാക്കുന്നതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് പോലീസുമായി സമ്പർക്കം പുലർത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പൊതുജനങ്ങൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളുടെ എഫ്.ഐ.ആറിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകവഴി പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി ക്രമസമാധാന പാലനം കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ക്രമസമാധാനപാലനത്തിന് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; പോലീസ് സ്റ്റേഷനുകളിൽ പോകാതെ പരാതി നൽകുവാൻ വേണ്ടിയുള്ള ഇ-കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) പോലീസ് സേനയുടെ ആധുനിക വത്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള, ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്ലൂസ് ബസ്സ് (ആൾക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനിക വൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും സബ് ഡിവിഷൻ ഓഫീസുകളും കമ്പ്യൂട്ടർ വത്കരിച്ചിട്ടുള്ളതും

കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി. രേഖപ്പെടുത്തുന്നതിനും മറ്റുമായി സി.സി.ടി.എൻ.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എഫ്.ഐ.ആർ-കൾ പൊതുജനങ്ങൾക്ക് കേരളാ പോലീസിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുതിന്നനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനിൽ പോകാതെ പരാതി നൽകുവാൻ മാത്രമായുള്ള ഇ-കിയോസ്കുകൾ നിലവിൽ പ്രവർത്തന ക്ഷമമല്ല.

| | | | |
|---|---|---|---|
| (സി) | പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വിപുലീകൃതമായതിന്റെ പശ്ചാത്തലത്തിൽ, രണ്ടു ദശാബ്ദങ്ങൾക്ക് മുമ്പ് നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ഉദ്ദേശിക്കുന്നുണ്ട്. പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ